**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5267** | **14-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയ നിർമ്മാണത്തിന് 3.88 കോടി രൂപ അനുവദിച്ചത് ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം തിരൂരങ്ങാടി പഴയ ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് 3.88 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളത്. സമകാലീന മ്യൂസിയം സംവിധാനങ്ങൾ ഒരുക്കുന്നതിനും, മ്യൂസിയം സജ്ജീകരണത്തിനാവശ്യമായ ഷോകേസുകൾ, പാനലുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ശബ്ദ വെളിച്ച വിതാനങ്ങൾ തുടങ്ങിയവയും പ്രദർശന വസ്തുക്കളെക്കുറിച്ചുള്ള പഠനത്തിനും, curatorial notes, മറ്റ് അനുബന്ധ ബൗദ്ധിക പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെ പൂർണ്ണമായ തോതിലുള്ള ഒരു മ്യൂസിയം സജ്ജികരിച്ച് പൊതു ജനങ്ങൾക്ക് തുറന്നു നൽകുന്നതിലേയ്ക്കാണ് 3.88 കോടി രൂപയുടെ മതിപ്പ തുക കണക്കാക്കിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രാരംഭ പഠന പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br>ക്യുറേറ്റോറിയൽ നോട്ട്, മ്യൂസിയം ഫ്ലോ എന്നിവ തയ്യാർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (സി) | നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (സി) | 2023 സെപ്തംബർ അവസാനത്തോടെ മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഹജ്ജൂർ കച്ചേരി പരിസരത്തുള്ള സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ശവകുടീരങ്ങളും മറ്റ് ചരിത്ര സ്മാരകങ്ങളും കൂടി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | ഹജ്ജൂർ കച്ചേരി പരിസരത്തുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം, ജോൺ ഡങ്കൻ റൗളയുടെ ശവകുടീരം എന്നിവ പുരാവസ്തു വകുപ്പിന്റെ സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. സബ് രജിസ്ട്രാർ ഓഫീസിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞു. ജോൺ ഡങ്കൻ റൗളയുടെ ശവകുടീരവും മികച്ച അവസ്ഥയിൽ തന്നെയാണുള്ളത്. നിലവിൽ ദൈനം ദിനം പ്രവർത്തിച്ചു പോരുന്ന സബ് രജിസ്ട്രാർ |

| | | | |
|---|---|---|---|
| | | | കാര്യാലയത്തെ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. |

സെക്ഷൻ ഓഫീസർ